(Pages : 4) **R – 7272**

**Reg. No. : .............................**

**Name : ..................................**

## Third Semester B.A. Degree Examination, July 2023

## First Degree Programme under CBCSS

## Double Main Programme

## English and Malayalam Literature

## Core Course 6

## EML 1342 : മലയാളഭാഷാസാഹിത്യചരിത്രം - 1

## (2020 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ ഒറ്റ വാചകത്തിലോ ഉത്തരമെഴുതുക.

1. ലീലാതിലകം മണിപ്രവാളത്തിന് നല്കുന്ന നിർവ്വചനമെന്ത് ?

2. മലയാളത്തിലെ ഒന്നാമത്തെ സമ്പൂർണ്ണരാമായണമേത് ?

3. കേരളഭാഷയുടെ വികാസപരിണാമങ്ങളെ വസ്തുനിഷ്ഠമായി രേഖപ്പെടുത്തുന്ന 14-ാം ശതകത്തിലുണ്ടായ പ്രാമാണിക ഗ്രന്ഥത്തിന്റെ പേര്.

4. നൈഷധംചമ്പു രചിച്ചതാര് ?

5. ഭാഷാകൗടലീയം എന്ന ഗദ്യകൃതി ഏതു സംസ്കൃതകൃതിയുടെ വിവർത്തനവും വ്യാഖ്യാനവുമാണ്?

6. ഭക്തിയും ജീവിതചിന്തയും ആവിഷ്ക്കരിക്കുന്ന പൂന്താനത്തിന്റെ കൃതിയേത് ?

P.T.O.

7. ഭാഷാപഠനത്തിനുതകുന്ന കാലനിർണ്ണയം ചെയ്തിട്ടുള്ള ആദ്യത്തെ ശാസനമേത് ?

8. അഭിനയയോഗ്യതയും സംഗീതഗുണവും തികഞ്ഞ ആട്ടക്കഥയേത് ?

9. ഭാരതീയ ഭാഷകളിലെതന്നെ പ്രഥമ യാത്രാവിവരണകൃതിയേത് ?

10. വീരരസപ്രധാനവും ശൃംഗാര-കരുണരസങ്ങളും വാസ്തവികവർണ്ണനകളുമാവിഷ്കരിക്കുന്ന വാമൊഴി പാരമ്പര്യമേതാണ് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. പാട്ടിന് ലീലാതിലകം നല്കുന്ന നിർവ്വചനം വിശദീകരിക്കുക.

12. രാമകഥാപ്പാട്ട് - കുറിപ്പെഴുതുക.

13. കുചേലവൃത്തം വഞ്ചിപ്പാട്ടു പ്രസ്ഥാനത്തിൽപെടുന്ന കൃതിയാണോ? വിശദമാക്കുക.

14. നമ്പ്യാന്തമിഴ് എന്നാലെന്ത്?

15. ജ്ഞാനപ്പാന ശുദ്ധമായ ഭക്തിഗീതമാണ് - സമർത്ഥിക്കുക.

16. ദൂതവാക്യത്തിന്റെ പ്രസക്തിയെന്ത്?

17. വിനോദഗാനങ്ങളെ കുറിച്ച് ഒരു കുറിപ്പു തയ്യാറാക്കുക.

18. കൊടുന്തമിഴ്വാദം എന്നാലെന്ത്?

19. ഇരയിമ്മൻതമ്പിയുടെ സാഹിത്യസംഭാവനകളെ വിലയിരുത്തുക.

20. തോറ്റംപ്പാട്ടുകളെ കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

21. പാട്ടുഭാഷാസാഹിത്യത്തിൽ തിരുനിഴൽമാലയ്ക്കുള്ള സ്ഥാനമെന്തെന്ന് നിർണ്ണയിക്കുക.

22. ''മലയാളത്തിലെ നാടകഗാനങ്ങൾ ജനപ്രിയസംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു.'' ഉദാഹരണ സഹിതം ഈ നിരീക്ഷണത്തെ വിലയിരുത്തുക.

23. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ ജനകീയഗാനസാഹിത്യത്തിന്റെ പ്രതിസ്ഫുരണമാണ്. സമർത്ഥിക്കുക.

24. സാമൂഹ്യവിമർശനത്തിനുള്ള ഉപാധിയായാണ് തുള്ളലിനെ നമ്പ്യാർ സ്വീകരിച്ചത് - വിശദീകരിക്കുക.

25. പാശ്ചാത്യഗദ്യമാതൃകയെ അനുവർത്തിക്കുന്ന കൃതിയാണ് വർത്തമാനപ്പുസ്തകം - വിശദമാക്കുക.

26. ഉണ്ണുനീലിസന്ദേശം - കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **ഒരു** പുറത്തിൽ കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

27. പ്രാചീനമണിപ്രവാളകൃതികളുടെ സവിശേഷതകൾ വിശദമാക്കുക.

28. മലയാളം എന്ന വാക്കിന്റെ നിരുക്തിയെപ്പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

29. ആട്ടക്കഥാസാഹിത്യത്തിൽ ഉണ്ണായിവാര്യർ വരുത്തിയ വ്യതിയാനത്തിന് ഉത്തമനിദർശനമാണ് നളചരിതം - വിലയിരുത്തുക.

30. ഉണ്ണിയച്ചീചരിതത്തിന് മണിപ്രവാളസാഹിത്യപ്രസ്ഥാനത്തിലുള്ള സ്ഥാനമെന്ത്?

31. ശാസനഭാഷയുടെ സവിശേഷതകൾ വിശദീകരിക്കുക.

32. കിളിപ്പാട്ടു പ്രസ്ഥാനം - കുറിപ്പെഴുതുക.

33. വട്ടെഴുത്ത് - കോലെഴുത്ത് - വിശദീകരിക്കുക.

34. പ്രാചീനചമ്പുക്കളും മദ്ധ്യകാലചമ്പുക്കളും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

35. ''വികാരനിർഭരത്വം കുചേലവൃത്തത്തിന്റെ മൗലികസ്വഭാവമാണ്'' - സമർത്ഥിക്കുക.

36. നിരണം കവികൾ പാട്ടുഭാഷയിൽ വരുത്തിയ വിപ്ലവാത്മകമായ പരിവർത്തനമെന്താണ്?

37. ഭാഷാസംക്രമണവാദം എന്നാലെന്ത്?

38. മലയാളിയുടെ വൈകാരികതകളുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ് ചലച്ചിത്രഗാനങ്ങൾ. വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. മലയാളഭാഷയുടെ ഉത്പത്തിയെപ്പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

40. മലയാളസാഹിത്യത്തിന്റെ അടിത്തറ ഗാനാത്മകമായിരുന്നു - നാടൻപാട്ടുകളെ മുൻനിർത്തി വിലയിരുത്തുക.

41. പാട്ടിന്റെ നിർവ്വചനത്തെ സാധൂകരിക്കുന്നവയാണ് രാമചരിതം, തിരുനിഴൽമാല, രാമകഥപ്പാട്ട് നിരണംകൃതികൾ എന്നിവ - സമർത്ഥിക്കുക.

42. മനോഹരമായ വർണ്ണനാവസനങ്ങൾ തൂക്കിയിടാനുള്ള ഒരയക്കോൽ മാത്രമാണ് ചമ്പുവിന്റെ ഇതിവൃത്തം - വിലയിരുത്തുക.

43. ഭാഷയുടെ വികാസത്തെയും ലിപി പരിഷ്ക്കരണത്തെയും അടുത്തറിയാൻ പ്രാചീനഗദ്യ മാതൃകകൾ സഹായകമാണ് എന്ന വാദത്തിന്റെ സാധുത പരിശോധിക്കുക.

44. ഹൃദയം നിറഞ്ഞ ഭക്തിയും തെളിവുറ്റ ആത്മജ്ഞാനവും അചഞ്ചലമായ ധർമ്മബോധവുമാണ് എഴുത്തച്ഛന്റെ കൃതികളിൽ പ്രകടമാകുന്നത്. പരിശോധിക്കുക.

**(2 × 15 = 30 Marks)**

---